മെട്രോ വാർത്ത

18 January 2018

# മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ കൂടുതൽ സംവിധാനങ്ങൾ ഉപയോഗിക്കും: ജെ. മേഴ്സിക്കുട്ടിയമ്മ

കൊച്ചി: മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ രാജ്യം വികസിപ്പിച്ചെടുത്ത ശാസ്ത്ര സാങ്കേതിക വിദ്യകൾ സ്വീകരിക്കുമെന്ന് ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ. സിഎംഎഫ്ആർഐ സംഘടിപ്പിച്ച രണ്ടാമത് രാജ്യാന്തര സഫാരി സമ്മേളനത്തിന്റെ ഭാഗമായി നടന്ന ദുരന്തനിവാരണത്തെക്കുറിച്ചുള്ള പ്രത്യേക ചർച്ച ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തരമായി സന്ദേശമെത്തിക്കാൻ ഉപഗ്രഹ നിയന്ത്രിത നാവിക് സംവിധാനം ഒരുക്കുന്നുണ്ട്. ഐഎസ്ആർഒയുമായി ചേർന്ന് സർക്കാർ ഒരുക്കുന്ന നാവിക് സംവിധാനം കൊച്ചി, തിരുവനന്തപുരം, കൊല്ലം എന്നിവിടങ്ങളിൽ പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പാക്കി. ഇത്തരത്തിലുള്ള 500 ഉപകരണങ്ങൾ ജനവരി 30ന്

- ഇൻകോയിസ് വികസിപ്പിച്ചെടുത്ത പ്രദർശന ബോർഡിന്റെ ഉദ്ഘാടനം നിർവഹിച്ചു

മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യും. മത്സ്യത്തൊഴിലാളികൾക്ക് ഇതിൽ പരിശീലനവും നൽകും. ഫെബ്രുവരിയിൽ ആയിരത്തോളം ഇത്തരത്തിലുള്ള ഉപകരണങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത്.

ഇന്ത്യൻ നാഷണൽ സെന്റർ ഫൊർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (ഇൻകോയിസ്) വികസിപ്പിച്ചെടുത്ത പ്രദർശന ബോർഡിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. മത്സ്യബന്ധന സാധ്യതയുള്ള സ്ഥലങ്ങൾ, കാലാവസ്ഥാ പ്രവചനം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് നേരത്തെ മുന്നറിയിപ്പായി നൽകാൻ ഈ പ്രദർശന ബോർഡുകൾക്ക് സാധിക്കും. ഇവ പ്രധാനപ്പെട്ട തുറമുഖങ്ങളിൽ പ്രദർശിപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു. സർവകലാശാലയിൽ ഈ രംഗത്ത് സേവനം ചെയ്യുന്നവരുടെ അനുഭവസമ്പത്തും മത്സ്യബന്ധന തൊഴിൽ മേഖലയിൽ ജോലിചെയ്യുന്നവരുടെ അനുഭവസമ്പത്തും യോജിപ്പിച്ച് ഫിഷറീസ് മേഖലയിൽ കൂടുതൽ പുരോഗമനപരമായ മാറ്റങ്ങൾ വരുത്താൻ കഴിയുമെന്നും മന്ത്രി.

സിഎംഎഫ്ആർഐ-യിൽ നടന്ന ദുരന്തനിവാരണത്തെക്കുറിച്ചുള്ള ചർച്ചയിൽ മത്സ്യത്തൊഴിലാളികൾ, കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പ്, ഐഎസ്ആർഒ, ഇൻകോയിസ്, സിഎംഎഫ്ആർഐ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, ഫിഷറീസ് വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു. ഇൻകോയിസിലെ ഡോക്ടർ ടി.എം. ബാലകൃഷ്ണൻ, സിഎംഎഫ്ആർഐയിലെ ഡോ. എ.പി. ദിനേശ് ബാബു, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ എന്നിവർ ഉദ്ഘാടനച്ചടങ്ങിൽ സംസാരിച്ചു.



സിഎംഎഫ്ആർഐയുടെ 70ാം വാർഷികത്തിന്റെ ഭാഗമായി കൊച്ചി സിഎംഎഫ്ആർഐയിൽ നടക്കുന്ന മറൈൻ എക്സിബിഷനിൽ മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ